**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1563** **08-10-2021 - ൽ മറുപടിയ്ക്ക്**

**വിഷരഹിത പച്ചക്കറി കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. 1) ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി ടി പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഒരു ഹെക്ടറിന് 10000 രൂപ നിരക്കിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന സുഭിക്ഷം - സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിലെ കർഷകർക്ക് അധിക ധനസഹായമായി 100 ലക്ഷം രൂപ വകയിരുത്തി ആയതിന്റെ അടിസ്ഥാനത്തിൽ 1000 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു. ജൈവ ഉല്പന്നങ്ങൾ വിൽപന നടത്തുന്നതിന് നടപ്പ് സാമ്പത്തിക വർഷം പുതിയ 12 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിന് 28.00 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പാക്കി വരുന്നു. 2) പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) പദ്ധതി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ 60:40 അനുപാതത്തിൽ ഫണ്ട് അനുവദിച്ച് ക്ലസ്റ്ററുകൾ രൂപികരിച്ച് ജൈവകൃഷി വ്യാപനം നടത്തുന്നു. തുടർച്ചയായി മൂന്ന് വർഷം ധനസഹായം നൽകി ജൈവകൃഷി നടപ്പിലാക്കുന്നു. ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപ വീതം ധനസഹായം നൽകും. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഓരോ കർഷകനും പി.ജി.എസ് സർട്ടിഫിക്കറ്റും നൽകുന്നു. 3) സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേസിറ്റി കൺസർവേഷൻ) |

| | | | |
|---|---|---|---|
| | | | കേരളത്തിൽ നടപ്പിലാക്കി വരുന്നു. പദ്ധതിയിൻ കീഴിൽ ഈ വർഷം 84000 ഹെക്ടർ വിസ്തൃതിയിൽ ജൈവ കൃഷി നടപ്പിൽ വരുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ബ്ലോക്ക് തലത്തിൽ ഒരു ക്ലസ്റ്ററിന് ചുരുങ്ങിയത് 500 ഹെക്ടർ വീതം ആകെ 168 ക്ലസ്റ്ററുകൾ വഴിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.85 ലക്ഷം രൂപ വീതം ലഭിക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ടി പദ്ധതി മൂന്ന് വർഷം കൊണ്ടാണ് നടപ്പിലാക്കുന്നത്. ജൈവ കൃഷി എന്നത് ഒറ്റപ്പെട്ട ഒരു കൃഷി സമ്പ്രദായമല്ല, മൃഗപരിപാലനം, ക്ഷീരോൽപാദനം, കോഴിവളർത്തൽ, പന്നിവളർത്തൽ, വനവൽക്കരണം, തേനീച്ച വളർത്തൽ എന്നിവയെല്ലാം കൂടിചേർന്നൊരു സമഗ്രസമീപനമാണിത്. നമുക്ക് ചുറ്റുമുള്ള കാർഷികേതരമായ ജൈവവൈവിധ്യവും കൂടി ചേർന്നതാണ് നമ്മുടെ ആവാസവ്യവസ്ഥ. ഇതെല്ലാം കൂട്ടി ചേർത്ത് കൊണ്ട് ഓർഗാനിക് മിഷൻ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി രൂപ രേഖ തയ്യാറാക്കി വരുന്നു. |
| (ബി) | നിലവിൽ എത്ര ടൺ പച്ചക്കറിയാണ് സംസ്ഥാനത്ത് ഉത്പ്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | 2020-21 വർഷത്തിൽ സംസ്ഥാനത്ത് 1.02 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പാക്കിയതിലൂടെ 15.7 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിച്ചു. 2021-22 വർഷത്തിൽ 1.22 ലക്ഷം ഹെക്ടറിൽ നിന്നും 18.3 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദനം പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ